**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിട്ട** | **02.03.2020 ൽ** |
| **നിയമസഭാ ചോദ്യം നമ്പർ : 16** | **മറുപടിക്ക്** |

## ഡിജിറ്റൽ മൊബൈൽ റേഡിയോ ടയർ ത്രീ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് വയർലെസ് സെറ്റുകളിൽ മെച്ചപ്പെട്ട സന്ദേശ പ്രക്ഷേപണ സംവിധാനമായ ഡിജിറ്റൽ മൊബൈൽ റേഡിയോ ടയർ ത്രീ പദ്ധതി നടപ്പാക്കുന്നതിന് ഏത് കമ്പനിക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കാമോ; | എ) M/s. Kohlbros Wireless Solutions LLP. Kolkata എന്ന കമ്പനിക്കാണ് അനുമതി നൽകിയിരിക്കുന്നത്. |
| ബി) കരാർ പ്രകാരം എത്ര ടവറുകളാണ് നിർമ്മിക്കേണ്ടിയിരുന്നതെന്നും എത്രയെണ്ണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്താമോ; | ബി) എട്ട് ടവറുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയായിട്ടില്ല. |
| സി) ടവറുകൾ നിർമ്മിക്കുന്നതിന് മുൻകൂർ തുക അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | സി) ടവർ നിർമ്മാണത്തിന് മാത്രമായി മുൻകൂർ തുകയൊന്നും അനുവദിച്ചിട്ടില്ല. വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമിരിക്കുന്ന ഭൂമിയിലാണ് ടവർ നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ അനുമതിക്കും, നിരാക്ഷേപ സാക്ഷ്യപത്രം (NOC) കിട്ടുന്നതിനും കാലതാമസം വന്നിട്ടുണ്ട്. നിരാക്ഷേപ സാക്ഷ്യപത്രം (NOC) ലഭിച്ച സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ